*റോഡ് ഷോയിൽ പല സ്ഥലത്തും സ്ത്രീകൾ സജീവമായി പങ്കെടുത്തു*

# അധികാരം അടിത്തട്ടിലേക്ക് വരുന്നതിന്റെ ആദ്യചുവട്

**സാറാ ജോസഫ്**
**(തൃശൂർ, 44,638 വോട്ട്)**

**ടീച്ചറുടെ തെരഞ്ഞെടുപ്പ് അനുഭവത്തിൽ ആം ആദ്മി പാർട്ടിയോടുള്ള ജനങ്ങളുടെ സമീപനം എങ്ങനെയായിരുന്നു? ആം ആദ്മി മുന്നോട്ട് വയ്ക്കുന്ന, ജനാധിപത്യത്തിന്റെ ശക്തി ജനങ്ങളാണ് എന്ന രാഷ്ട്രീയം തിരിച്ചറിഞ്ഞുകൊണ്ടാണോ അവർ നിങ്ങളെ സ്വീകരിച്ചത്. അതോ വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികളോടുള്ള മടുപ്പാണോ അവരെ ആം ആദ്മിയിലേക്ക് അടുപ്പിച്ചത്?**

രണ്ടുമുണ്ടെന്നാണ് എനിക്ക് അനുഭവപ്പെട്ടത്. യുവജനങ്ങളിലെ ഒരു വലിയ വിഭാഗം എ.എ.പി മുന്നോട്ട് വയ്ക്കുന്ന രാഷ്ട്രീയം തിരിച്ചറിയുന്നുണ്ട്. ആം ആദ്മി പാർട്ടിയെ സംബന്ധിച്ച് എനിക്കുപോലുമുണ്ടായിരുന്ന മുൻവിധി നഗരകേന്ദ്രീകൃതമായിരിക്കും അതിന്റെ സ്വീകാര്യത എന്നതായിരുന്നു. എന്നാൽ എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഗ്രാമങ്ങളിലായിരുന്നു ഞങ്ങൾക്ക് ഏറെ സ്വീകാര്യത ലഭിച്ചത്. കടപ്പുറം പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾക്കിടയിൽ, ചാവക്കാട്ടെ ഓട്ടോ ഡ്രൈവർമാർക്കിടയിൽ, ശക്തൻ മാർക്കറ്റിലെ തൊഴിലാളികൾക്കിടയിൽ, എല്ലാം നല്ല സ്വീകാര്യത ഞങ്ങൾക്ക് ലഭിക്കുകയുണ്ടായി. സസൂക്ഷ്മമായി ആം ആദ്മിയുടെ രാഷ്ട്രീയം അവർ തിരിച്ചറിയുന്നുണ്ടാകില്ല. കെജ്രിവാളിന്റെ സ്വരാജും വായിച്ചിട്ടുണ്ടാകില്ല. പക്ഷെ ഒരു മാറ്റമുണ്ടാകണമെന്ന് അവരെല്ലാം ആഗ്രഹിക്കുന്നുണ്ട്. അതിന് ആം ആദ്മി പാർട്ടി കഴിയുമെന്ന് അവർ വിശ്വസിക്കുന്നുണ്ട്. ഞങ്ങൾ നടത്തിയ റോഡ് ഷോയിൽ പല സ്ഥലത്തും സ്ത്രീകൾ സജീവമായി പങ്കെടുത്തു. അഴിമതിക്കെതിരെ ശക്തമായ വികാരവും ജനങ്ങൾക്കിടയിൽ നിലനിൽക്കുന്നുണ്ട്. അതും അവരെ ആം ആദ്മി പാർട്ടിയോട് അടുപ്പിക്കുന്നുണ്ട്. നിലവിലെ രാഷ്ട്രീയ പാർട്ടികളോടുള്ള അസംതൃപ്തിയാണ് പക്ഷെ കൂടുതൽ പേരും പങ്കുവച്ചത്.

**വ്യവസ്ഥാപിത രാഷ്ട്രീയം മുന്നോട്ട് വയ്ക്കുന്ന നിലവിലെ വികസന കാഴ്ച്ചപ്പാടിനോട് ജനങ്ങൾക്ക് എതിർപ്പുള്ളതായി അനുഭവപ്പെട്ടോ?**

വളരെ പാവപ്പെട്ട മനുഷ്യന്മാർക്ക് നിലവിലെ വികസന കാഴ്ച്ചപ്പാടിനോട് ശക്തമായ എതിർപ്പുണ്ട്. ഈ വികസനം ഒരിക്കലും അവരെ പരിഗണിക്കാൻ പോകുന്നില്ല എന്ന് അവർക്ക് ഉറപ്പുണ്ട്. തെരഞ്ഞെടുപ്പ് പ്രചരണത്തിനിടയിൽ നിരവധി പേർ അത്തരത്തിൽ എന്നോട് സംസാരിച്ചു. ദരിദ്രരായവർ താമസിക്കുന്ന പല സ്ഥലങ്ങളിലും പോയപ്പോൾ അവരുടെ വികാരം എനിക്ക് കൂടുതൽ ബോധ്യമായി. ഉദാഹരണമായി പാലപ്പിള്ളി റബ്ബർ എസ്റ്റേറ്റുകൾക്ക് കിഴക്കുള്ള ഏച്ചിപ്പാറ എന്ന ഗ്രാമത്തിന്റെ കാര്യം തന്നെയെടുക്കാം. ആദിവാസികളും റബ്ബർ തോട്ടത്തിലെ പണികൾക്കായി കൊണ്ടുവന്ന് പാർപ്പിച്ചിരിക്കുന്ന തോട്ടം തൊഴിലാളികളും മാത്രമാണ് ആ മേഖലയിലുള്ളത്. വികസന വീരന്മാർ ഇത്രയും കാലം നാടുഭരിച്ചിട്ടും കറന്റും ഫോണും ഒന്നും അവിടേക്ക് കടന്നുവന്നിട്ടില്ല. അഞ്ചാം ക്ലാസ് വരെയുള്ള സ്കൂൾ സൗകര്യമേ അവിടെയുള്ളൂ. പിന്നീട് സ്കൂളിൽ പോകണമെങ്കിൽ ഏറെ ദൂരെയുള്ള വരന്തരപ്പിള്ളിയിൽ എത്തണം. ബസ്സാണെങ്കിൽ വളരെ കുറവും. ഒരു പ്രാഥമികാരോഗ്യ കേന്ദ്രമുള്ളത് വീണ്ടും കുറേ കിഴക്കുമാറി ചിമ്മിനി ഡാമിന് മുകളിലാണ്. ആദിവാസികൾക്ക് പട്ടയം ലഭിച്ചിട്ടില്ല. തൊഴിലാളികൾ ഏറെയും എസ്റ്റേറ്റ് ഉടമസ്ഥതയിലുള്ള പാടികളിലാണ് താമസിക്കുന്നത്. പുറം ലോകവുമായുള്ള ബന്ധം പൂർണ്ണമായും വിച്ഛേദിക്കപ്പെട്ടിരിക്കുന്ന ഒരു സ്ഥലം തൃശൂർ ടൗണിൽ നിന്നും ഒരു മണിക്കൂർ യാത്ര ചെയ്താൽ എത്തിച്ചേരാവുന്ന ദൂരത്തുണ്ട് എന്ന് പലരും വിശ്വസിക്കില്ല. ലാന്റ് ഫോൺ അനുവദിക്കുന്നില്ലെങ്കിൽ ഒരു മൊബൈൽ ടവറെങ്കിലും അനുവദിച്ചുതരണം എന്നതാണ് അവരുടെ പ്രധാന ആവശ്യം. ഇതുകൊണ്ടെല്ലാം അവർ സ്ഥിരമായി വോട്ട് ബഹിഷ്കരിക്കാറുണ്ട്. എന്നിട്ടും അവരെ ഒരു രാഷ്ട്രീയ പാർട്ടികളും പരിഗണിക്കാറില്ല. അവരുടെ പരാതിയെത്തുടർന്ന് ഞങ്ങൾ തൃശൂർ ബി.എസ്.എൻ.എല്ലിൽ പോയി ലാഭനഷ്ടങ്ങൾ നോക്കാതെ അവർക്ക് മൊബൈൽ ടവർ അനുവദിച്ച് കൊടുക്കുന്നതിന് സാധിക്കുമോ എന്നന്വേഷിച്ചു. ബി.എസ്.എൻ.എൽ ഉദ്യോഗസ്ഥർക്ക് കാര്യം ബോധ്യമാവുകയും

ഈ ഓണത്തിന് മുമ്പ് മൊബൈൽ ടവർ അനുവദിക്കാമെന്ന് വാക്കുതരികയും ചെയ്തിട്ടുണ്ട്. വളരെ വേഗത്തിൽ പരിഹരിക്കാവുന്ന ഇത്തരം പ്രാഥമിക പ്രശ്നങ്ങളിൽ പോലും ഇടപെടാൻ തയ്യാറാകാത്തവരാണ് വികസനത്തെക്കുറിച്ച് വീമ്പ് പറയുന്നത്.

തൃശൂർ ടൗണിന്റെ നടുക്ക് അതുപോലെ ഒരു സ്ഥലം കണ്ടു, പടിഞ്ഞാറെകോട്ടയിൽ. 20 ഓളം വീടുകളുള്ള ഒരു കോളനി. അവർക്ക് കക്കൂസില്ല. തൊട്ടടുത്തുള്ള രണ്ട് പൊതുകക്കൂസാണ് അവരെല്ലാം കൂടി ഉപയോഗിക്കുന്നത്. ആ പ്രദേശത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളും അതേ കക്കൂസ് തന്നെയാണ് ഉപയോഗിക്കുന്നത്. വികസന വാദികളെല്ലാം കാണേണ്ട കാഴ്ചകൾ തന്നെയാണിത്.



**കോർപ്പറേറ്റുകൾ നൽകുന്ന കോടികൾ മുടക്കിയാണ് വമ്പൻ പാർട്ടിക്കാർ പ്രചരണം നടത്തുന്നത്. അവരുടെ കൊഴുപ്പിക്കലുകൾക്കിടയിൽ ആം ആദ്മിയുടെ ശബ്ദം ജനങ്ങളിലെത്തിക്കാൻ കഴിഞ്ഞോ?**

തെരഞ്ഞെടുപ്പ് പ്രചരണം നടത്താൻ കോടികളൊന്നും വേണ്ട എന്നതാണ് എനിക്ക് മനസ്സിലായത്. പരിമിതമായ വിഭവങ്ങൾകൊണ്ട് ഏറെക്കാര്യങ്ങൾ ചെയ്യാൻ കഴിയും. എല്ലാ ജനങ്ങളിലേക്കും ഇറങ്ങിച്ചെല്ലാൻ സമയം കിട്ടിയില്ല എന്നതുമാത്രമാണ് ഞങ്ങൾ അഭിമുഖീകരിച്ച പ്രശ്നം. കെജ്രിവാൾ പറയുന്നതുപോലെ ആം ആദ്മി ഒരു രാഷ്ട്രീയപാർട്ടിയല്ല. ജനകീയ മുന്നേറ്റമാണ്. അത് രൂപീകരിക്കപ്പെട്ടതും ഡൽഹിയിൽ അധികാരത്തിൽ വരുന്നതുമെല്ലാം ഒരു മുന്നേറ്റത്തിന്റെ രൂപത്തിലാണ്. ശക്തമായ ഘടനയുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനമായല്ല ആം ആദ്മി പാർട്ടി നിൽക്കുന്നത്. അഴിമതിക്കെതിരെയും സദ്ഭരണത്തിനും സ്വരാജിനും വേണ്ടിയും നിലകൊള്ളുന്ന ഒരു മുന്നേറ്റത്തിന്റെ സ്വഭാവമാണ് അതിന് ഇപ്പോഴുമുള്ളത്. അതുകൊണ്ടു തന്നെ സംഘടനാശേഷിയുടെ കരുത്തുകൊണ്ട് തെരഞ്ഞെടുപ്പ് പ്രചരണം നടത്താനുള്ള വിഭവശേഷി ആം ആദ്മി പാർട്ടിക്ക് ഇല്ല. പക്ഷെ, അതുതന്നെയാണ് അതിന്റെ സാധ്യതയും. സ്വയം മുന്നോട്ട് വരുന്ന സന്നദ്ധപ്രവർത്തകരാണ് എന്നെ കാമ്പയിനിൽ സഹായിച്ചതെല്ലാം. ആരും ചുമതലപ്പെടുത്തിയതുകൊണ്ട് പ്രചരണത്തിന് വന്നവരല്ല അവർ. കാശ് കിട്ടുമെന്ന് കരുതി വന്നവരുമല്ല. ഗൾഫ്, ആസ്ട്രേലിയ, ലണ്ടൻ, ഡൽഹി തുടങ്ങിയ പല നാടുകളിൽ നിന്നും ഇലക്ഷൻ പ്രചരണത്തിൽ പങ്കുചേരുന്നതിനായി അവധിയെടുത്തുവന്നവർ അക്കൂട്ടത്തിലുണ്ടായിരുന്നു. ആം ആദ്മിയിൽ ചേരാൻ വിയോജിപ്പുള്ളപ്പോൾ തന്നെ അതിന്റെ പൊരുൾ ഉൾക്കൊണ്ട് തെരഞ്ഞെടുപ്പ് പ്രചരണത്തിൽ പങ്കാളികളായവരും നിരവധിയാണ്. ദൃഢമായ പ്രത്യയശാസ്ത്രങ്ങളുടെ ശാഠ്യങ്ങളൊന്നും ഇല്ല എന്നത് പ്രചരണത്തിനെത്തിയവർക്ക് വലിയ ആശ്വാസമായതുപോലെ എനിക്ക് തോന്നി. അഴിമതി പാടില്ല, ജനങ്ങൾക്കാകണം മുഖ്യപരിഗണന, വർഗീയത പാടില്ല തുടങ്ങിയ കാര്യങ്ങളായിരുന്നു അവരുടെ പരിഗണന. രാഷ്ട്രീയമായ ആ നിഷ്കളങ്കത പ്രചരണത്തെ വലിയ രീതിയിൽ സഹായിച്ചു. ജനങ്ങളോട് സുഗമമായി സംവദിക്കുന്നതിനും അത് ഗുണകരമായി.

**ജനസഭകൾ വിളിച്ചുചേർത്തുള്ള പ്രചരണം എങ്ങനെ അനുഭവപ്പെട്ടു?**

40ൽ അധികം ജനസഭകൾ പ്രചരണകാലത്ത് ഞങ്ങൾ വിളിച്ചുചേർത്തിരുന്നു. വാർഡ് തലത്തിൽ ജനസഭകൾ വിളിച്ചുചേർത്തുകൊണ്ടുവേണം പ്രചരണം നടത്തേണ്ടത് എന്നതാണ് ആം ആദ്മി പാർട്ടിയുടെ നയം. എന്നാൽ സമയക്കുറവ് കാരണം ഞങ്ങൾ പഞ്ചായത്ത് തലത്തിലാണ് ജനസഭ നടത്തിയത്. പല സ്ഥലങ്ങളിലും ജനങ്ങളുടെ വലിയ പങ്കാളിത്തം ജനസഭകളിലുണ്ടായി. ജനങ്ങൾക്കും അത് പുതിയ അനുഭവമായിരുന്നു. ഒരു രാഷ്ട്രീയ പ്രസ്ഥാനവും ജനങ്ങൾക്ക് എന്താണ് തെരഞ്ഞെടുപ്പിൽ പറയാനുള്ളത് എന്നത് ഇത്തരത്തിൽ കേൾക്കാൻ തയ്യാറായിട്ടില്ല. ജനസഭകളിൽ നിന്നും ക്രോഡീകരിച്ച അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലാണ് തൃശൂർ

മണ്ഡലത്തിന്റെ പ്രകടന പത്രിക ഞങ്ങൾ തയ്യാറാക്കിയത്. ഗ്രാമസഭകളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവും ജനസഭകൾ കൂടിയതിന് പിന്നിലുണ്ട്. വികസനം ഗ്രാമസഭകളാണ് തീരുമാനിക്കേണ്ടത്. അങ്ങനെ വരുമ്പോൾ ജനങ്ങൾക്ക് വികസനത്തെക്കുറിച്ചുള്ള സമീപനം പ്രശ്നമാകും എന്ന് പറയുന്നവരുണ്ട്. പക്ഷെ ഞാൻ അങ്ങനെ കരുതുന്നില്ല. ഗ്രാമസഭകളെ ഞാൻ അവിശ്വസിക്കുന്നില്ല. അവിടെ മേൽപ്പാലവും കക്കൂസും ഒരുപോലെ ആവശ്യപ്പെടുന്നവരുണ്ടാകാം. എന്നാൽ അടിസ്ഥാന ആവശ്യം എന്ന നിലയിൽ കക്കൂസിന് തന്നെ പരിഗണന കിട്ടും. മേൽത്തട്ടിൽ വികസനകാര്യങ്ങൾ പരിഗണിക്കുമ്പോൾ ആ പരിഗണന കിട്ടില്ല എന്നതാണ് നമ്മുടെ അനുഭവം. മുകളിൽ നിന്നും വികസനം വരുന്ന ആ പരമ്പരാഗത വഴിയുണ്ടല്ലോ, അത് തടയുമ്പോൾ മാത്രമെ അനീതികൾ അവസാനിക്കുകയുള്ളൂ.

എന്താണ് ജനകീയ സമരങ്ങളുടെ പരിഹാരം? ജനങ്ങൾക്ക് അധികാരം നൽകുന്ന ഒരു രാഷ്ട്രീയ പാർട്ടി വരുമ്പോഴാണ് ജനകീയ സമരങ്ങൾ പരിഹരിക്കപ്പെടുന്നത്. ആം ആദ്മി പാർട്ടി ജനങ്ങൾക്ക് അധികാരം നൽകുന്ന ഒരു ജനാധിപത്യ സംവിധാനത്തിനായാണ് പ്രവർത്തിക്കുന്നത്.

**മുഖ്യധാരാ മാധ്യമങ്ങളുടെ സമീപനം ഏതുവിധമായിരുന്നു? മോഡി പ്രചാരകരായി മാറിയ മാധ്യമങ്ങളെക്കുറിച്ച് അരവിന്ദ് കെജ്രിവാൾ വളരെ രൂക്ഷമായ പ്രതികരണമാണ് നടത്തിയത്. കേരളത്തിലും സ്ഥിതി വ്യത്യസ്തമല്ലല്ലോ? ആം ആദ്മിക്ക് പരിഗണ കിട്ടിയിരുന്നോ?**

തീർച്ചയായും എൽ.ഡി.എഫും യു.ഡി.എഫും ബി.ജെ.പിയും കഴിഞ്ഞാൽ പിന്നീട് ആരുമില്ല എന്ന സമീപനമാണ് മാധ്യമങ്ങൾ തെരഞ്ഞെടുപ്പിൽ സ്വീകരിച്ചത്. ജനാധിപത്യത്തിലെ ഫോർത്ത് എസ്റ്റേറ്റ് എല്ലാ വിഭാഗങ്ങളെയും പ്രതിനിധീകരിക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ ഈ പാർട്ടികളല്ലാതെ മറ്റ് ശ്രമങ്ങളുണ്ടെന്ന് ജനങ്ങളെ അറിയിക്കാൻ അവർ ഒട്ടും ശ്രമിച്ചിട്ടില്ല. മാധ്യമങ്ങളുടെ രാഷ്ട്രീയം വളരെ കൃത്യമായി മനസ്സിലായ തെരഞ്ഞെടുപ്പാണ് കടന്നുപോയത്. ഞാൻ ആം ആദ്മിയിൽ ചേർന്നതെല്ലാം വലിയ വാർത്താ പ്രാധാന്യത്തോടെ എല്ലാവരും കൊടുത്തിരുന്നു. എന്നാൽ എന്റെ തെരഞ്ഞെടുപ്പ് പ്രചരണം അവർ തമസ്കരിച്ചു.

**ജനകീയസമരങ്ങളെ പ്രതിനിധീകരിച്ച മറ്റുചില സ്ഥാനാർത്ഥികളുടെ വോട്ട്**

**മേധാ പട്കർ** – 76,451
(മുംബൈ നോർത്ത് ഈസ്റ്റ്, മഹാരാഷ്ട്ര)
**എസ്.പി. ഉദയകുമാർ** – 15,314
(കന്യാകുമാരി, തമിഴ്നാട്)
**എം. പുഷ്പരായൻ (കൂടംകുളം)** – 26,476
(തൂത്തുക്കുടി, തമിഴ്നാട്)
**സോണി സോറി (മനുഷ്യാവകാശം)** – 16,903
(ബസ്തർ, ഛത്തീസ്ഗഢ്)
**അലോക് അഗർവാൾ (നർമ്മദ സമരം)** – 16,799
ഖാണ്ഡ്വ (മധ്യപ്രദേശ്)

**ജനകീയ സമരങ്ങളെ പ്രതിനിധീകരിച്ച് പല മണ്ഡലങ്ങളിലും സ്ഥാനാർത്ഥികളുണ്ടായിരുന്നു. ആം ആദ്മി പാർട്ടി എന്തുകൊണ്ടാണ് അവരെ പിന്തുണയ്ക്കാതിരുന്നത്? ജനകീയ സമരങ്ങളുടെ സ്ഥാനാർത്ഥികൾക്ക് പിന്തുണ നൽകുന്ന ഒരു രാഷ്ട്രീയ തീരുമാനമായിരുന്നില്ലേ ആം ആദ്മി പാർട്ടി എടുക്കേണ്ടിയിരുന്നത്?**

അല്ല. അങ്ങനെ പറയുന്നതിൽ അർത്ഥമില്ല. ആരുമായും തെരഞ്ഞെടുപ്പിൽ ധാരണ വേണ്ട എന്നത് ആം ആദ്മി പാർട്ടിയുടെ തീരുമാനമായിരുന്നു. പുതിയ പ്രസ്ഥാനമെന്ന നിലയിൽ അതിന്റേതായ രാഷ്ട്രീയാസ്ഥിത്വം ആം ആദ്മി പാർട്ടിക്ക് പ്രധാനമായിരുന്നു. ഏത് രാഷ്ട്രീയ പാർട്ടിക്കും അതിന്റെ അസ്ഥിത്വം വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജയിക്കില്ലെന്നറിഞ്ഞിട്ടും പലരും തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതും അതുകൊണ്ടാണല്ലോ. ജനകീയസമരങ്ങളുടെ സ്ഥാനാർത്ഥികൾക്ക് ആം ആദ്മിയുടെ പ്ലാറ്റ്ഫോമിൽ മത്സരിക്കാമായിരുന്നു. അവർ മുന്നോട്ട് വയ്ക്കുന്ന രാഷ്ട്രീയത്തെ തിരിച്ചറിയുന്ന ഒരു പാർട്ടിയാണ് ആം ആദ്മി പാർട്ടി. ആ ചർച്ച കേരളത്തിൽ ഇനിയും മുന്നോട്ട് പോകണമെന്നാണ് എന്റെ ആഗ്രഹം. കാരണം ദേശീയതലത്തിൽ ജനകീയ സമരങ്ങളെ പ്രതിനിധീകരിക്കുന്ന മേധാ പട്കറും ഉദയകുമാറുമെല്ലാം ആം ആദ്മിയുടെ ബാനറിൽ തന്നെ മത്സരിക്കുകയുണ്ടായി. കേരളത്തിൽ അതിന് കഴിഞ്ഞില്ല. എന്താണ് ജനകീയ സമരങ്ങളുടെ പരിഹാരം? ജനങ്ങൾക്ക് അധികാരം നൽകുന്ന ഒരു രാഷ്ട്രീയ പാർട്ടി വരുമ്പോഴാണ് ജനകീയ സമരങ്ങൾ പരിഹരിക്കപ്പെടുന്നത്. ആം ആദ്മി പാർട്ടി ജനങ്ങൾക്ക് അധികാരം നൽകുന്ന ഒരു ജനാധിപത്യ സംവിധാനത്തിനായാണ് പ്രവർത്തിക്കുന്നത്. ജനകീയ സമരങ്ങളിലുള്ളവർ അതിനെക്കുറിച്ച് വിപുലമായി ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. ■